

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പട്ടാഴി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി9/1861/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/09/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 26/09/2025
കെ.എസ്.എ.കെ.എൽ.എം.പി9/1861/25

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മണിലാൽ	ഡെപ്യൂട്ടി ഡയറക്ടർ	11-08-2025	20-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-08-2025	20-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീകുമാരി.റ്റി ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീമതി സൂര്യപ്രഭ പി.സി ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.വി ഓഡിറ്റർ
ശ്രീ. അനീഷ് സുരേഷ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കെ അശോകൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. അരുൺ അലക്സാണ്ടർ	സെക്രട്ടറി	01-04-2024	04-04-2024
ശ്രീമതി. വനജ എസ്സ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-04-2024	28-04-2024
ശ്രീ. അരുൺ അലക്സാണ്ടർ	സെക്രട്ടറി	29-04-2024	04-09-2024
ശ്രീമതി. വനജ എസ്സ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-09-2024	18-09-2024
ശ്രീമതി. ഐ.അനിതാകുമാരി	സെക്രട്ടറി	19-09-2024	06-11-2024
ശ്രീമതി. വനജ എസ്സ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-11-2024	20-12-2024
ശ്രീമതി. ഐ.അനിതാകുമാരി	സെക്രട്ടറി	21-12-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. വനജ എസ്സ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	02-01-2025
ശ്രീ. സുദീപ് എസ്സ്	അസിസ്റ്റന്റ് സെക്രട്ടറി	03-01-2025	31-03-2025
ശ്രീമതി. പ്രിയ എൽ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ശ്രീ. അപ്പു എം ജി	കൃഷി ഓഫീസർ	01-04-2024	11-12-2024
ശ്രീമതി കൃഷ്ണ എസ്സ്.എസ്സ്	കൃഷി ഓഫീസർ	12-12-2024	31-03-2025
ശ്രീ. അഹമ്മദ് കബീർ എച്ച്	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി ലക്ഷ്മി എസ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി ദീപശ്രീ വി എസ്	വി.ഇ.ഒ.	01-04-2024	31-03-2025
ഡോ. റാണി ചന്ദ്രൻ എൽ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	01-04-2024	31-03-2025
ഡോ. ചിത്ര എസ്സ്.വി.	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2024	27-07-2024
ഡോ.ശ്രീജിത് റ്റി.വി.	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	28-07-2024	20-01-2025
ഡോ.തോമസ് കോശി	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	21-01-2025	18-03-2025
ഡോ. ഷിജു മാത്യൂ	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	19-03-2025	31-03-2025
ഡോ. സുനിത ജി.എസ്.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	22-10-2024
ഡോ.രജനി ഗോപാലകൃഷ്ണൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	23-10-2024	31-03-2025
ശ്രീ. പ്രഭുലാൽ ആർ എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	26-02-2025
ശ്രീ. വിനീത് വി.	ഡയറി ഫാം ഇൻസ്ട്രക്ടർ	27-02-2025	31-03-2025
ഡോ.ജറിൻ	വെറ്റിനറി സർജൻ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ പത്രിക-തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-2
4	തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവുകൾ അക്കൗണ്ട് ചെയ്തതിൽ കോടികളുടെ വ്യത്യാസം	1-1-3
5	ബാധ്യതകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല	1-1-4
6	നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-5
7	ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല	1-1-6
8	ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല	1-1-7
9	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	തൊഴിൽ നികുതി - പുതുക്കിയ നിരക്കിൽ ഈടാക്കിയില്ല	1-11
20	മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല	1-12
21	കൃഷി ഭവൻ പരിസരത്ത് നിന്നും മുറിച്ച് നീക്കിയ മരത്തിന്റെ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്തില്ല	1-13
22	MCF ലേയ്ക്ക് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ-വാഹനവാടക-കമ്മീഷൻ നടപടികളിൽ അപാകത	1-14
23	നിലാവ് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല-വൈദ്യുത ചാർജിൽ 5.1 ലക്ഷം രൂപയുടെ വർദ്ധനവ്	1-15
24	ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-16
25	സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ-വിനിയോഗ രേഖകൾ ഹാജരാക്കിയില്ല	1-17
26	അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് പൂർത്തീകരിച്ചില്ല	1-18
27	കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല	1-19
28	ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല	1-20
29	കേസുകൾക്കുള്ള ഫീസ്- നിയമാനുസൃതം ഈടാക്കേണ്ട 10% ടി.ഡി.എസ് ഈടാക്കിയില്ല	1-21
30	ആയുർവേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ- പ്രോജക്ട് പ്രകാരമുള്ള ഫർണിച്ചർ ലഭ്യമായി- തുക സ്ഥാപനത്തിന് നൽകിയില്ല	1-22
31	ഭരണസമിതി യോഗങ്ങൾ-മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല	1-23
32	മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല	1-24
33	തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല	1-25
34	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ	1-26
35	എസ് എസ് കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-27
36	പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് ഫർണിച്ചർ - ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല	1-28
37	ഇ- ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചില്ല	1-29
38	ടാർ ബാരൽ വില തനത് ഫണ്ടിൽ ഒടുക്കി	1-30
39	ഇന്റർ ലോക്ക് റോഡ്-ടെണ്ടർ നിബന്ധനയിൽ ഡിഫക്ട് ലയബിലിറ്റി കാലയളവ് കുറവായി രേഖപ്പെടുത്തി	1-31
40	മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ഇൻഷ്വറൻസ് എടുത്തില്ല-ഓഡിറ്റ്	1-32

	നിർദ്ദേശത്തെത്തുടർന്ന് ഫൈൻ ഈടാക്കി	
41	പൊതു ടോയിലറ്റ് നിർമ്മാണം-ജലലഭ്യത ഉറപ്പാക്കാതെ നിർമ്മിച്ച പൊതു ടോയിലറ്റ് നിഷ്ക്രിയ ആസ്തിയായി	1-33
42	തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് - കാര്യക്ഷമമായ പ്രവർത്തനത്തിന് മാതൃക	1-34
43	ജൽജീവൻ മിഷൻ അവലോകനം	1-35
44	ഹെൽത്ത് ഗ്രാന്റ്- അവലോകനം	1-36
	ഭാഗം 2	
1	തൊഴിൽ നികുതി - പുതുക്കിയ നിരക്കിൽ ഈടാക്കിയില്ല	2-1
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 03/06/2025 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 11/06/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കൊല്ലം
26/09/2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 ക്യാഷ് ഫ്ലോ പത്രിക-തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെപ്പറ്റിയുള്ള കുറിപ്പുകൾ (Notes On Accounts) വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവുകൾ അക്കൗണ്ട് ചെയ്തതിൽ കോടികളുടെ വ്യത്യാസം

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തത് കൃത്യമല്ല. തൻവർഷം ആകെ ചെലവഴിച്ചത് 50812129/- രൂപയാണ്. എന്നാൽ അഡ്മിനിസ്ട്രേഷൻ ചെലവ് എന്ന് കാണിച്ച് 5251922/-(I-14F) രൂപ മാത്രം ചെലവായും 6189396/- രൂപ മാത്രം I-6 പ്രകാരമുള്ള റവന്യൂ വരവായും അക്കൗണ്ട് ചെയ്തു.

1-1-4 ബാധ്യതകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസ്-സർക്കാരിലേയ്ക്ക് ഒടുക്കാനുള്ള തുക, കാലിബാരൽ വിലയിനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കാനുള്ള തുക എന്നിവ ബാധ്യതയായി അക്കൗണ്ട് ചെയ്യാതെ തനത് വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-1-5 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-6 ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല. അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

1-1-7 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-8 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-സുലേഖ പത്രിക പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാ.എം.സി.എഫ് കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിന് സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 212939/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 271589/- രൂപയാണ്. തുക പിൻവലിച്ചതിലുണ്ടായ പിഴവ് 2025-26 വർഷം ക്രമീകരിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് ബി-4, ബി-17 ഷെഡ്യൂളുകൾ പ്രകാരമുള്ള തുകകൾ തമ്മിലും പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.02.2024-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 06.03.2025 ലെ 1ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

	റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകരം (രൂപ)
മുന്നിരിപ്പ്	14313417/-
വരവ്	35689638/-
ആകെ	50003055/-
ചെലവ്	34688273/-
നീക്കിയിരിപ്പ്	15314782/-
വരവിനങ്ങളിലുള്ള നഷ്ടം	1150/-
ഓഡിറ്റിൽ നിരാകരിച്ച തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1951488/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (രൂപ)	വരവ് (അലോട്ട്മെന്റ് ലഭിച്ചത്) (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	നീക്കിയിരിപ്പ് (രൂപ)	ലാപ്സായതുക (രൂപ)
വികസന ഫണ്ട്-ജനറൽ	--	14873000/-	14873000/-	13709352/-	1163648/-	1163648/-
വികസന ഫണ്ട്-എസ്.സി.പി	--	7359000/-	7359000/-	6267693/-	1091307/-	1091307/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക്	2595734/-	5219500/-	7815234/-	1559607/-	6255627/-	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി	0	1164077/-	1164077/-	956783/-	207294/-	207294/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക്	1448599/-	2665560/-	4114159/-	2640803/-	1473356/-	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)- ട്രഷറി	0	95997/-	95997/-	95488/-	509/-	509/-
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	--	16912000/-	16912000/-	15725193/-	1186807/-	1186807/-
മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്	--	9604000/-	9604000/-	9008600/-	595400/-	595400/-
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്						
ഹെൽത്ത് ഗ്രാന്റ്-പി.എച്ച്.സി. ഇൻഫ്രാസ്ട്രക്ചർ	331363/-	323588/-	654951/-	111616/-	543335/-	--
ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് & വെൽനെസ്സ് സെന്റർ	163898/-	523614/-	687512/-	214667/-	472845/-	--
ഐ.സി.ഡി.എസ്.	882720/-	1930246/-	2812966/-	1183157/-	1629809/-	--
ആയുർവേദം-ആയുഷ് മിഷൻ ഫണ്ട്	500000/-	0	500000/-	163613/-	336387/-	--

ശുചിത്വമിഷൻ ഗ്രാന്റ്	221279/-	276000/-	497279/-	276000/-	221279/-	--
എം.എൻ.ആർ.ഇ.ജി.എസ്	420/-	48821567/-	48821987/-	48821505/-	482/-	

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക (രൂപ)
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	816090/-
,,	അങ്കണവാടി അധിക വേതനം	919800/-
വികസന ഫണ്ട്-എസ്.സി.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	570903/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ (രൂപ)	പൂർണ്ണമായി നടപ്പിലാക്കിയത്	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
230	141946934/-	117	59426667/-	-63	50	50.86%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)
ഭരണചെലവുകൾ	420/-	2205708/-	2206128/-	2205646/-	482/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	46615859/-	46615859/-	46615859/-	
ആകെ	420/-	48821567/-	48821987/-	48821505/-	482/-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)
കർഷകതൊഴിലാളി പെൻഷൻ	43,71,000/-
വിധവാപെൻഷൻ	1,16,51,300/-
വാർദ്ധക്യകാലപെൻഷൻ	2,36,63,100/-
ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് പെൻഷൻ	32,33,800/-
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	6,35,600/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	30,000/-

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.2025, 3:30 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസത്തെ ഡേ ബുക്ക് പ്രകാരം ഒടുക്ക് വരുത്തിയ 18523/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

കുടിവെള്ളം, പേപ്പർ, പേന, ഇരിപ്പിടം, ടിവി മുതലായ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അപേക്ഷകൾ നല്കുന്നതിനായി ഒരു ഫെലിസിറ്റേഷൻ സെന്ററുമുണ്ട്. സേവനങ്ങൾ സംബന്ധിച്ച ബോർഡുകൾ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 2024-25 സാമ്പത്തിക വർഷം ഐ.എൽ.ജി.എം.എസ് വഴി രസീത് നൽകി സ്വീകരിച്ചിരുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചു വരുന്നു. കൈകൊണ്ടെഴുതിയ രസീതുകൾ മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്.

പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി, തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലൈഫ് പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 13 വാർഡുകളിലേക്കും തുക പിൻവലിച്ചു എങ്കിലും മൂന്നു വാർഡുകളുടെ ചെലവ് രേഖകളാണ് ഹാജരാക്കിയത്. ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് യഥാസമയം മുതൽ കൂട്ടേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ഉപയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി അനുബന്ധ പ്രവർത്തനങ്ങൾ കൂടി യഥാസമയം ഏറ്റെടുത്ത് നടത്തേണ്ടതാണ് .

ആസ്തി രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ സഭാ മിനിട്സ് യഥാസമയം പൂർത്തിയാക്കി കൺവീനറും കോ-ഓർഡിനേറ്ററും ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	21.10.22	9/22 മുതൽ 11/22 വരെ	22.11.22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.01.2019	2013-14 മുതൽ 2017-18 വരെ	07.06.2019

1-11 തൊഴിൽ നികുതി - പുതുക്കിയ നിരക്കിൽ ഈടാക്കിയില്ല

2024- 25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ വരുമാന സ്ലാബിന്റെ നിർണയത്തിൽ ഉണ്ടായ പിഴവ് മൂലവും, രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി പരിഷ്കരണത്തിന്റെ ഫലമായി നിലവിൽ വന്ന പുതിയ സ്ലാബുകൾക്കനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാലും വരവിൽ കുറവുണ്ടായിരിക്കുന്നു. ഓഡിറ്റിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒന്നാം അർദ്ധവർഷം

ക്രമ നമ്പർ	ഉദ്യോഗസ്ഥരുടെ വിവരങ്ങൾ	അർദ്ധവാർഷിക ശമ്പളം (രൂപ)	ബാധകമായ സ്ളാബ് (രൂപ.)	ഒടുക്കേണ്ടുന്ന നികുതി (രൂപ)	ഒടുക്കിയ നികുതി (രൂപ.)	വ്യത്യാസം (രൂപ.)
1	ശ്രീമതി ഇന്ദുലേഖ. സി.എസ് (കൊച്ചുവീട്ടിൽ ഫിനാൻസ്)	69000/-	60000- 74999	600/-	300/-	300/-
2.	ശ്രീമതി ഡെയ്സി ഡാനിയേൽ (തിരുകൊച്ചി ഫിനാൻസ്)	102000/-	100000- 124999	1000/-	750/-	250/-
				1600/-	1050/-	550/-

2. രണ്ടാം അർദ്ധവർഷം

27.06.2024 ലെ സ.ഉ.(സാധാ) നം.1149/2024/LSGD പ്രകാരം തൊഴിൽ നികുതി നിർണയത്തിന് ആധാരം ആക്കേണ്ടുന്ന വരുമാന സ്ലാബുകളിലും നിരക്കുകളിലും ഭേദഗതി വരുത്തിയിട്ടുള്ളതും ആയതു 01.10.2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. 2024-25 സാമ്പത്തിക വർഷം, രണ്ടാം അർദ്ധവർഷത്തേക്കുള്ള തൊഴിൽ നികുതി ഈടാക്കിയതിലുള്ള അപാകതകളുടെ വിശദശാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	ഉദ്യോഗസ്ഥരുടെ വിവരങ്ങൾ	അർദ്ധവാർഷിക ശമ്പളം (Rs.)	ബാധകമായ സ്ളാബ് (Rs.)	ഒടുക്കേണ്ടുന്ന നികുതി (Rs.)	ഒടുക്കിയ നികുതി (Rs.)	വ്യത്യാസം (Rs.)
1	യമുന . എ (മിനി മുത്തൂറ്റ് നിധി)	54000	45000- 99999	750	450	300
2	ഷിനു. ജോയ് (മിനി മുത്തൂറ്റ് നിധി)	54000	45000- 99999	750	450	300
				1500	900	600

നികുതി നിർണയത്തിലെ അപാകത മൂലം മൂന്ന് സ്ഥാപനങ്ങളിൽ നിന്നായി പിരിച്ച തൊഴിൽ നികുതിയിൽ Rs. 1150/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ 24/20.8.25

1-12 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്തിലെ 13 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 10000/- രൂപ നിരക്കിൽ വൌച്ചർ നമ്പർ 22400257/3.07.24 പ്രകാരം 1,30,000/- രൂപ വാർഡ് തല ശുചിത്വ സമിതിയ്ക്ക് തനത് ഫണ്ട് ചെക്ക് നമ്പർ 013324 മുഖേന കൈമാറിയിട്ടുണ്ട്. 3 വാർഡുകളിലെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 10 വാർഡിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻകൃയറിയ്ക്ക്, രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 10 വാർഡിലേക്ക് ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ തുക 100000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ-15/19.08.25

തടസ്സപ്പെടുത്തുന്ന തുക-100000/-രൂപ

1-13 കൃഷി ഭവൻ പരിസരത്ത് നിന്നും മുറിച്ച് നീക്കിയ മരത്തിന്റെ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്തില്ല

പട്ടാഴി തെക്ക്, കൃഷി ഭവൻ പരിസരത്ത് അപകടകരമായി നിന്നിരുന്ന പറങ്കിമാവ് വൌച്ചർ നമ്പർ 22400726/17.12.24 പ്രകാരം 9500/- രൂപ നൽകി മുറിച്ചു നീക്കിയിട്ടുണ്ട്. മരത്തിന്റെ വാല്യൂവേഷൻ, സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ എൻകൃയറിയ്ക്ക്, വാല്യൂവേഷൻ തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയർക്ക് കത്തു നൽകിയിരുന്നെങ്കിലും വാല്യൂവേഷൻ തയ്യാറാക്കുന്നതിന് പ്രത്യേകം പരിശീലനം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ വാല്യൂവേഷൻ തയ്യാറാക്കി നൽകിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി. മുറിച്ച് നീക്കിയ മരത്തിന്റെ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

എൻകൃയറി നമ്പർ-15/19.08.25

1-14 MCF ലേയ്ക്ക് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ-വാഹനവാടക-കുട്ടേഷൻ നടപടികളിൽ അപാകത

ഹരിതകർമ്മസേനാംഗങ്ങൾ 13 വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പട്ടാഴി മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള എംസിഎഫിൽ എത്തിക്കുന്നതിനായി തൻവർഷം ശ്രീ. ഉദയൻ, വാര്യത്ത് വീട്, ഏറത്ത് വടക്ക് എന്ന വ്യക്തിക്ക് ചുവടെ ചേർക്കും പ്രകാരം വാഹന വാടക നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ /തീയതി	നിരക്ക്(രൂപ)	തുക(രൂപ)
42400034/30.04.2024	20/-	3760/-
42400100/22.05.2024	20/-	7140/-
42400101/22.05.2024	20/-	3900/-
42400173/25.06.2024	20/-	3500/-
42400235/15.07.2024	20/-	3500/-
42400372/04.09.2024	20/-	4340/-
42400376/07.09.2024	20/-	5800/-
42400479/14.10.2024	20/-	3500/-
42400655/19.12.2024	20/-	1640/-
42400937/29.03.2025	20/-	500/-
ആകെ		37580/-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാ.ധാ.) നം.1496/2020, തീയതി 12.08.2020 പ്രകാരമുള്ള ഹരിതകർമസേനയുടെ പ്രവർത്തന മാർഗ്ഗരേഖ അനുസരിച്ച്, ഹരിത കർമ്മസേനയ്ക്ക് വാഹന സൌകര്യം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. ഇതിലേയ്ക്കായി വാഹനം വാങ്ങി നൽകുകയോ, വാടകയ്ക്ക് എടുത്ത് നൽകുകയോ ചെയ്യാവുന്നതാണ്. എന്നാൽ കുട്ടേഷൻ ക്ഷണിക്കാതെയാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. കിലോമീറ്ററിന് 20/- രൂപ നിരക്കിൽ തൻവർഷം വാടക നൽകിയിട്ടുണ്ട്. കുട്ടേഷൻ കൂടാതെ വാഹനം വാടകയ്ക്ക് എടുത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടിയായി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 22.01.2025 ലെ സാധാരണ യോഗത്തിലെ 8(1) -ാം നമ്പർ തീരുമാനപ്രകാരം കിലോമീറ്ററിന് 20/-രൂപ നിരക്കിൽ തൻവർഷം വാടക നൽകിയ കുട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. കുട്ടേഷനുകൾ സമയബന്ധിതമായി അംഗീകാരത്തിന് സമർപ്പിച്ച് അനുമതി നേടിയശേഷം മാത്രം ചെലവ് നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻകുയറി നമ്പർ -15/19.08.25

1-15 നിലാവ് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല-വൈദ്യുത ചാർജിൽ 5.1 ലക്ഷം രൂപയുടെ വർദ്ധനവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരമ്പരാഗത തെരുവ് വിളക്കുകൾ പൂർണമായും എൽ.ഇ.ഡി-യിലേക്ക് മാറ്റുകവഴി ഊർജ്ജ ഉപഭോഗവും പരിസ്ഥിതി ആഘാതവും കുറച്ചു കൊണ്ട് ഊർജ്ജ ലാഭം നേടുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ നിലാവ് പദ്ധതി ഗ്രാമപഞ്ചായത്തിൽ ലക്ഷ്യം പൂർത്തീകരിച്ചില്ല. പ്രതിവർഷ വൈദ്യുത ചാർജിൽ 4.1 ലക്ഷം രൂപ കുറവ് വരുത്തുക എന്നത് ലക്ഷ്യമിട്ട പദ്ധതി കാലയളവിൽ വൈദ്യുത ചാർജിൽ 5.1 ലക്ഷം രൂപയുടെ വർദ്ധനവുണ്ടായി.

10.08.2020-ലെ സ.ഉ.(കൈ.)നം. 117/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതി സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 25.12.2020-ൽ സ.ഉ.(കൈ.)നം. 202/2020/ത.സ്വ.ഭ.വ., 06.08.2021-ൽ സ.ഉ.(കൈ)നം.169/2021/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL) ആയിരുന്നു. എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതും വാങ്ങുന്നതും KSEBL-ന്റെ ആഭിമുഖ്യത്തിലായിരിക്കുമെന്നും, എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) ആണ് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്നു.

പദ്ധതിച്ചെലവ്

പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ 7 വർഷങ്ങളിലായി കിഫ്ബിക്ക് നൽകേണ്ടതാണ്. തദ്ദേശസ്ഥാപനങ്ങളിലെ തെരുവ് വിളക്ക് ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത ലൈറ്റുകളിൽ നിന്നും എൽ.ഇ.ഡി-കളിലേക്ക് മാറുമ്പോൾ വൈദ്യുതി ബില്ലുകളിൽ ഉണ്ടാകുന്ന വാർഷിക ലാഭത്തിന്റെ 75% മായിട്ടാണ് വരിസംഖ്യ നിജപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ വകുപ്പ് തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും കുറയ്ക്കുന്ന തുക ഓരോ സാമ്പത്തിക വർഷവും നേരിട്ട് കിഫ്ബിക്ക് നൽകും എന്നായിരുന്നു വ്യവസ്ഥ.

ലൈറ്റുകളുടെ വാറന്റിയും മെയിന്റനൻസും

പദ്ധതിപ്രകാരം സ്ഥാപിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകളുടെ വാറന്റി 7 വർഷമായിരിക്കും. പ്രകൃതി ദുരന്തമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ ഉള്ള സാഹചര്യങ്ങൾ ഒഴികെ, കേട് വരുന്ന ബൾബുകൾ കെ.എസ്.ഇ.ബി മുഖേന 7 വർഷ വാറന്റി കാലയളവിൽ സൗജന്യമായി ലഭ്യമാക്കുന്നതാണ്. വാറന്റി കാലയളവിൽ മാറ്റി ലഭിക്കുന്ന ലൈറ്റുകൾ പുനസ്ഥാപിക്കുന്നതും പ്രസ്തുത LED-കളുടെ മെയിന്റനൻസ് നടത്തുന്നതിനുമുള്ള ചുമതല തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. മെയിന്റനൻസ് ചെലവ് തദ്ദേശ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ചെയ്ത് വരുന്നതുപോലെ കരാറുകാർ മുഖേന മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

പദ്ധതി പാക്കേജുകൾ

എൽ.ഇ.ഡി.കളുടെ വിവിധ വാട്ടേജുകളും എണ്ണവുമടങ്ങുന്ന 5 പാക്കേജുകൾ തദ്ദേശ സ്ഥാപനങ്ങൾക്കായി തയ്യാറാക്കിയിരുന്നു. ഓരോ പാക്കേജിലും 500 എൽ.ഇ.ഡി ലൈറ്റുകളാണുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ

വലുപ്പവും ആവശ്യവും അനുസരിച്ച് ലഭ്യമായ 5 പാക്കേജുകളിൽ ഒന്നോ അതിലധികമോ പാക്കേജുകൾ തിരഞ്ഞെടുക്കാം. ലഭ്യമായ വാട്ടേജുകൾ 18w, 35w, 70w, 110w എന്നിവയാണ്.

ഗ്രാമ പഞ്ചായത്തിലെ പദ്ധതി നടത്തിപ്പും നിലവിലെ സ്ഥിതിയും

ഗ്രാമപഞ്ചായത്തിൽ 2021-ൽ നിലാവ് പദ്ധതി നടപ്പിലാക്കിയപ്പോൾ 500 ലൈറ്റുകൾ വീതം ഉൾക്കൊള്ളുന്ന പാക്കേജ് 4 ആണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുന്ന ലൈറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

	പാക്കേജ് 4
18W	325
35W	150
70W	25
Total	500
Project Cost(lakhs)	13.41
Expected Annual Savings In Electricity Bill (Lakhs)	4.11
Annual Subscription Payment To KIFBI(lakhs)	3.08

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 500 ലൈറ്റുകൾ സ്ഥാപിച്ചിരുന്നുവെന്നാണ് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം വ്യക്തമാകുന്നത്. ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി-യുമായി കരാറിൽ ഏർപ്പെട്ടതിന്റെയും അനുബന്ധ രേഖകളും ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൗയറി നൽകിയിരുന്നുവെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ലൈറ്റുകൾ സംബന്ധിച്ചും തുടർനടപടികൾ സംബന്ധിച്ചുമുള്ള ആധികാരിക രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. സ്ഥാപിച്ച ലൈറ്റുകളിൽ മിക്കവയും കേടായിട്ടുണ്ടെന്നും, നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട പോസ്റ്റുകളിൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രകാരം ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ വാർഡ് മെമ്പർമാർ അറിയിച്ചു. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടത്തിയിട്ടില്ലാത്തതിനാൽ നിലാവ് പദ്ധതി പ്രകാരമുള്ള ലൈറ്റുകൾക്ക് അധിക കറന്റ് ചാർജ് കൊടുക്കേണ്ട സ്ഥിതിയും നിലവിലുണ്ട്. കേടാവുന്നവയ്ക്ക് പകരം എൽ.ഇ.ഡി.ബൾബുകൾ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) സൗജന്യമായി ലഭ്യമാക്കണമെന്നാണ് പദ്ധതിയിൽ നിഷ്കർച്ചിരുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെയുള്ള രേഖകൾ പരിശോധിച്ചതിൻപ്രകാരം ലൈറ്റുകൾ ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായാണ് ഓഡിറ്റ് വർഷവും മുൻവർഷങ്ങളിലും എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയിരിക്കുന്നത്. തെരുവ് വിളക്കുകളുടെ വാർഷിക വൈദ്യുത ചാർജിൽ കുറവ് വരുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതി നിലവിൽ വൈദ്യുത ചാർജ് വർദ്ധനവിന് കാരണമായിരിക്കുകയാണ്. 2020-21 വർഷം 1351622/- രൂപയായിരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ് 2024-25 വർഷം 1862452/- രൂപയായി മാറി. പ്രതിവർഷം 4.1 ലക്ഷം രൂപയുടെ കുറവാണ് നിലാവ് പദ്ധതി ലക്ഷ്യമിട്ടിരുന്നതെങ്കിലും വൈദ്യുത ചാർജിൽ വലിയ വർദ്ധനവാണ് ഉണ്ടായത്.

പാക്കേജ് 4 പ്രകാരം 7 വർഷത്തേയ്ക്ക് പ്രതിവർഷം 3.08 ലക്ഷം രൂപ വീതം സബ്സ്ക്രിപ്ഷൻ ചാർജ്ജിനത്തിൽ കിഫ്ബിയ്ക്ക് നൽകേണ്ടതാണെന്നും ടി തുക പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ കുറവ് ചെയ്യുന്നതാണെന്നുമായിരുന്നു പദ്ധതി മാനദണ്ഡമെങ്കിലും നാളിതുവരെ തുകയൊന്നും കുറവ് ചെയ്ത് തുടങ്ങിയിട്ടില്ല.

നിലാവ് പദ്ധതി ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യതയുണ്ടാക്കിയെങ്കിലും ഉദ്ദേശിച്ച പ്രയോജനം ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി, പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടപ്പിലാക്കി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ് നൽകുന്നുള്ളൂവെന്നും ഉറപ്പാക്കേണ്ടതാണ്. വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.
ഓഡിറ്റ് എൻകൗയറി നം.10/18.08.2025

1-16 ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ലൈഫ് ഭവന നിർമ്മാണ പ്രോജക്ട് പ്രകാരം സബ്സിഡി ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. 2022-23 വർഷം നിർവ്വഹണ ഉദ്യോഗസ്ഥനുമായി എഗ്രിമെന്റ് വച്ച് സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കളാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളത്. പ്രോജക്ട് സ്പിൽ ഓവറായി തുടരുകയാണ്.

ഗുണഭോക്താവിന്റെ പേര് (ശ്രീമതി)	നാളിതുവരെ നൽകിയ സബ്സിഡി ആനുകൂല്യം	തുക നൽകിയ തീയതി
മല്ലിക, ചേലക്കാട് പടിഞ്ഞാറേതിൽ	40000/-	09.03.2023
	160000/-	13.07.2023
ചെല്ലമ്മ, പുന്നോട് വീട്	40000/-	13.02.2023
	160000/-	13.07.2023
	98849/-	19.08.2023

വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നമ്പർ -07/18.8.25), ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നൽകിയിട്ടുള്ള തുക നിയമാനുസൃതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി ന.07/18.8.25

1-17 സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ-വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയെങ്കിലും വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

പ്രോജക്ടിന്റെ വിശദാംശം	നൽകിയ തുക (രൂപ)	കുറിപ്പ്
ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കൽ, 6/24	89528/- (36240-13/03/25 42006-9445/15.01.25 11282-11927/21.03.25)	എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി-യ്ക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ ഒടുക്ക് ബന്ധപ്പെട്ട യൂ.റ്റി.ആർ നമ്പർ സഹിതം കെ.എസ്.ഇ.ബിയെ അറിയിച്ചിട്ടുള്ളതിന്റെ രേഖകളില്ല. തുകയുടെ വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.
മൈലാടുംപാറ വാർഡിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും, 10/25	99303/- (97891-67398/13.01.25) 1412-47046/29.01.25	എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി-യ്ക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ ഒടുക്ക് ബന്ധപ്പെട്ട യൂ.റ്റി.ആർ നമ്പർ സഹിതം കെ.എസ്.ഇ.ബിയെ അറിയിച്ചിട്ടുള്ളതിന്റെ രേഖകളില്ല. തുകയുടെ വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.
കോക്ലിയാർ ഇംപ്ലാന്റേഷൻ തുക കൈമാറൽ, 126/25	50000/- (46626/05.10.24)	ഗ്രാമപഞ്ചായത്ത് പരിധിയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ള കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് തുക കൈമാറി. എന്നാൽ വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.
എബിസി പദ്ധതി - തുക കൈമാറൽ, 128/25	22000/- (97440/20.01.25)	കുരിയോട്ടുമല ഫാമിൽ എബിസി സെന്റർ ആരംഭിക്കുന്നതിനായി ജില്ലാപഞ്ചായത്തിന് വിഹിതം നൽകി. തുകയുടെ ഒടുക്ക് ബന്ധപ്പെട്ട യൂ.റ്റി.ആർ നമ്പർ സഹിതം അറിയിച്ചിട്ടുള്ളതിന്റെ രേഖകളില്ല. തുകയുടെ വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.
മൊബൈൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് വിഹിതം നൽകൽ, 250/25	100000/- (22.01.25)	ജില്ലാപഞ്ചായത്തിന് വിഹിതം നൽകി. തുകയുടെ ഒടുക്ക് ബന്ധപ്പെട്ട യൂ.റ്റി.ആർ നമ്പർ സഹിതം അറിയിച്ചിട്ടുള്ളതിന്റെ രേഖകളില്ല. തുകയുടെ വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.
89ാം നമ്പർ അങ്കണവാടിയ്ക്ക് വൈദ്യുത കണക്ഷൻ ലഭ്യമാക്കൽ	24753/- (67409/13.01.25)	എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി-യ്ക്ക് കൈമാറിയിട്ടുണ്ട്. തുകയുടെ ഒടുക്ക് ബന്ധപ്പെട്ട യൂ.റ്റി.ആർ നമ്പർ സഹിതം കെ.എസ്.ഇ.ബിയെ അറിയിച്ചിട്ടുള്ളതിന്റെ രേഖകളില്ല. തുകയുടെ വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.
ആകെ	385584/-	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 385584/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ, ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം എന്നിവ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ -11/18.8.25
തടസ്സപ്പെടുന്ന തുക -385584/- രൂപ

1-18 അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ 2023-24 വർഷം ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം നാളിതുവരെ നടത്തിയിട്ടില്ല. പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ വകയിരുത്തിയ ഫണ്ട് ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേരും നമ്പരും	വീട് പുനരുദ്ധാരണം -ജനറൽ (185/25), സ്പിൽ ഓവർ	വീട് പുനരുദ്ധാരണം, എസ്.സി.പി (186/25), സ്പിൽ ഓവർ
വകയിരുത്തിയ തുക	1850000/- (വികസന ഫണ്ട്-ജനറൽ)	650000/- (വികസന ഫണ്ട്-എസ്.സി.പി)
ചെലവഴിച്ച തുക	1775000/-	420000/-

പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 50000/- രൂപയും എസ്.സി.പി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 75000/- രൂപയുമാണ് സബ്സിഡി നിശ്ചയിച്ചിരുന്നത്. ജനറൽ വിഭാഗക്കാർക്ക് 25000/- രൂപയും എസ്.സി.പി. വിഭാഗക്കാർക്ക് 30000/- രൂപയും അഡ്വാൻസായി നൽകാനും പണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നിലവിലും വീട്

മെയിന്റനൻസ് പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര് (ശ്രീ./ ശ്രീമതി)	വിഭാഗം	കൈപ്പറ്റിയ തുക	തീയതി
1	മോഹൻ കുമാർ, ആവണീശ്വരം വീട്	ജനറൽ	25000/-	04-12-2023
2	ഷൗഫീനാ ബീവി, വട്ടവിളവീട്	ജനറൽ	25000/-	04-12-2023
3	ശാന്തി, ശാന്തി ഭവനം	എസ്.സി.പി	30000/-	05-12-2023
4	ലളിത, കാട്ടിലഴികത്ത് വീട്	എസ്.സി.പി	30000/-	13-02-2024

അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് പൂർത്തീകരിക്കാതിരുന്നതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ 7/18.8.25

1-19 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 (1) പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 79 പ്രകാരവും തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ച ഡെപ്പോസിറ്റുകൾ തിരിച്ച് നൽകാവുന്ന തീയതി മുതൽ 3 വർഷത്തിനുള്ളിൽ തിരികെ വാങ്ങിയില്ല എങ്കിൽ 3 വർഷം അവസാനിക്കുന്നതിന്റെ അടുത്തദിവസം തന്നെ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ഇപ്രകാരം മുതൽക്കൂട്ടാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Bidders Emd	2016-17 മുതൽ 2021-22 വരെ	114635/-
Suppliers Emd	2017-18 To 2021-22	33097/-
Contracters Emd	2017-18 To 2020-21	92102/-
Contracters SD	2017-18 To 2020-21	8380/-
Bidders Security Deposit	2019-20	31475/-
Suppliers SD	2018-19 To 2020-21	41022/-
Contracters Retension	2017-18	6732/-
		327443/-

Suppliers Emd ഇനത്തിൽ 25.10.17-ലെ 117010101704 നമ്പർ രസീത് പ്രകാരം ഒടുക്കിയ 5000/- രൂപ കാലാവധി കഴിഞ്ഞും തിരികെ നൽകിയിട്ടുണ്ട്(ചെക്ക് നം.13326/6.07.2024) ((ശ്രീ. ഷിൻ ജോർജ്ജ് എന്ന വ്യക്തി 25.10.2017ലെ 117010101704-ാം നമ്പർ രസീത് പ്രകാരം ടെണ്ടറിൽ പങ്കെടുത്തതിന് കെട്ടിവച്ച ഇ.എം.ഡി 5000/- രൂപയാണ് 09.07.24ൽ വൌച്ചർ നമ്പർ 22400265 പ്രകാരം തിരികെ നൽകിയത്). കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതെയിരുന്നതിനാലാണ് ഈ അപാകത സംഭവിച്ചത്. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-20 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് (നമ്പർ 19/25) പ്രകാരം, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി Ltd.,(ഹോംകോ) യുടെ, 20.12.2024 ലെ #PF- 928 നമ്പർ പ്രൊഫോർമ ഇൻവോയ്സ് അടിസ്ഥാനപ്പെടുത്തി 13.01.25 തീയതിയിലെ നം. 24040552010501167348 ബില്ല് പ്രകാരം 1,00,000/- രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും പിൻവലിച്ച് ഹോംകോയ്ക്ക് കൈമാറിയിട്ടുള്ളതും, ടി തുക അക്കൗണ്ടിൽ 21.01.2025 ന് ലഭിച്ചതായി, 13.03.2025 ലെ 10211 നമ്പർ രസീത് മുഖേന ഹോംകോ സാക്ഷ്യപെടുത്തിയിട്ടുള്ളതും ആണ്. തുക ഒടുക്കിയെങ്കിലും നാളിതുവരെയായി മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകുയറിക്ക്, 13.08.25 ൽ മരുന്നുകൾ ലഭ്യമാക്കാമെന്ന് ഫോൺ മുഖാന്തിരം ഹോംകോയിൽ നിന്ന് അറിയിച്ചെങ്കിലും മരുന്നുകൾ ലഭ്യമായില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയതിനാൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നമ്പർ -09/18.08.25
തടസ്സപ്പെടുത്തുന്ന തുക – 1,00,000/- രൂപ

1-21 കേസുകൾക്കുള്ള ഫീസ്- നിയമാനുസൃതം ഈടാക്കേണ്ട 10% ടി.ഡി.എസ് ഈടാക്കിയില്ല

വിവിധ കേസുകളുടെ ഫീസിനത്തിൽ ശ്രീ. ഉണ്ണികൃഷ്ണൻ, അഡ്വക്കേറ്റിന് തൻവർഷം 120000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

വൌച്ചർ നമ്പർ/തീയ്യതി	തുക (രൂപ)
42400063/04.05.24	15000/-
42400064/04.05.24	15000/-
42400073/04.05.24	15000/-
42400078/13.05.24	15000/-
42400209/03.07.24	15000/-
42400358/03.09.24	15000/-

42400384/10.09.24	15000/-
42400801/15.02.25	15000/-
ആകെ	120000/-

ഇൻകം ടാക്സ് സെക്ഷൻ 194 ജെ പ്രകാരം നിയമ സഹായം ഉൾപ്പെടുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് നൽകുന്ന ഫീസ് തുക 30000/-രൂപയിൽ കൂടുന്ന പക്ഷം 10% ടി.ഡി.എസ്. ഈടാക്കണം. തൻവർഷം വിവിധ കേസുകളുടെ ഫീസിനത്തിൽ മേൽ പ്രകാരം നൽകിയ തുകയിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകൃയറിയ്ക്ക്, ഫൈനൽ കേസുകൾ പൂർത്തീകരിച്ച് വിധിന്യായം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആകെ നൽകുന്ന വക്കീൽ ഫീസിന് ആനുപാതികമായി ടി.ഡി.എസ് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നൽകുന്ന തുകയ്ക്ക് ടി.ഡി.എസ് ഈടാക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ-15/19.08.25

1-22 ആയുർവേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ- പ്രോജക്ട് പ്രകാരമുള്ള ഫർണിച്ചർ ലഭ്യമായി- തുക സ്ഥാപനത്തിന് നൽകിയില്ല

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 2023-24 ലെ പ്രോജക്ട് (നമ്പർ 233/24) "ആയുർവേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ" സ്പിൽ ഓവർ പ്രോജക്ട് (നമ്പർ 152/25, അടങ്കൽ തുക - Rs. 60247/-)ആയി 2024-25 ലും തുടർന്നു. 25.03.2024 തീയതിയിലെ WWK/23-24/192 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം 60000/- രൂപയുടെ ഫർണിച്ചർ മാവേലിക്കര സിഡ്കോ വുഡ് വർക്ക്ഷോപ്പിൽ നിന്നും 16.06.2024 ന് ആശുപത്രിയിൽ ലഭ്യമായതായി മെഡിക്കൽ ഓഫീസർ സാക്ഷ്യപെടുത്തിയിട്ടുള്ളതാണ്. 2023-24 സാമ്പത്തിക വർഷത്തിൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ 2024-25 ൽ സ്പിൽ ഓവർ പ്രോജക്റ്റ് ആയി പുന:ക്രമീകരിച്ച ടി പ്രോജക്ട് പ്രകാരം ഉള്ള ഫർണിച്ചറുകൾ 16.06.2024 ൽ തന്നെ കൈപറ്റിയിട്ടും ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള തുക സിഡ്കോ വുഡ് വർക്ക് ഷോപ്പിന് നാളിതുവരെയും നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, തുക നല്കിയിട്ടില്ലെന്നും, തുക നല്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേല്പറഞ്ഞ ഇൻവോയ്സ് പ്രകാരമുള്ള ചെലവ് 2023-24 ൽ നടന്നിട്ടുണ്ടോയെന്നും ഇരട്ടിപ്പ് വരുന്നില്ലെന്നും ഉറപ്പാക്കി മാത്രം പ്രസ്തുത തുക നൽകേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ 8/18.8.25

1-23 ഭരണസമിതി യോഗങ്ങൾ-മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

2024

ആകെ യോഗങ്ങൾ -34

മിനിട്സ് പൂർത്തിയായവ -30

മിനിട്സ് പൂർത്തിയാക്കാത്തവ-4

കാരം തികയാത്തത് മൂലം മീറ്റിംഗ് റദ്ദ് ചെയ്തവ -0

2025

ആകെ യോഗങ്ങൾ -28

മിനിട്സ് പൂർത്തിയായവ -18

മിനിട്സ് പൂർത്തിയാക്കാത്തവ-10

വർഷം	യോഗ നമ്പർ	യോഗ തീയതി	സെക്രട്ടറി പ്രസിഡന്റിന്റെ അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി
2024	11	09.04.2024	18.05.24	18.05.24
	13	15.05.24	18.06.24	18.06.24
	14	10.06.24.	07.09.24	07.09.24
	17	30.07.2024	07.09.24	07.09.24
	20	21.08.2024	07.09.24	07.09.24
	22	09.09.24	20.9.24	20.9.24
	26	26.10.24	11.11.24	11.11.24
	30	19.11.24	13.12.24	13.12.24
	33	13.12.24	24.12.24	24.12.24
2025	1	09.01.2025	19.03.2025	19.03.2025
	4	21.02.2025	20.05.2025	20.05.2025
	11	25.03.25	11.06.25	11.06.25

മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, ചില കമ്മിറ്റികളുടെ മിനിട്സ് നെറ്റ്/സെർവ്വർ തകരാറുകാരണം ചില ദിവസങ്ങളിൽ സമയ പരിധി പാലിച്ച് സകർമ്മ മിനിട്സിൽ

അംഗീകരിക്കാൻ കഴിഞ്ഞില്ലെന്നും, എന്നാൽ ടി കമ്മിറ്റികളുടെ മിനിട്സ് സമയപരിധി പാലിച്ച് മാനുവലായി പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കരട് മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരം യഥാസമയം വാങ്ങി മിനിട്സ് പൂർണ്ണമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 19/20.8.25

1-24 മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

2024-25 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ പ്രകാരം ₹1031903/- മരുന്നും ഉപകണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി നല്കിയിട്ടുണ്ടെങ്കിലും അവ പൂർണ്ണമായും ലഭിച്ചിട്ടില്ല. 552944/-രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭിക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്	ഫണ്ടിനം	അടച്ച തുക (രൂപ)	ഇൻവോയ്സ് നമ്പർ	ബിൽ നമ്പർ, തീയതി	ലഭ്യമായവയുടെ വില (രൂപ)	ലഭിക്കാനുള്ളവയുടെ വില (രൂപ)
FHCക്ക് മരുന്ന് വാങ്ങൽ 15/24-25	റോഡിതര മെയിന്റനൻസ് ഗ്രാന്റ്	4,00,000/-	PRF1860	BRN...62883 05.11.2024	1,73,127/-	2,26,873/-
പാലിയേറ്റീവ് പരിചരണം 17/24-25	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1,00,000/-	PRF3286	599/19.03.25	1,00,588/-രൂപയുടെ മരുന്നുകൾ ലഭിച്ചു	2,78,412/-
	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	2,79,000/-	PRF3286	598/19.03.25		
	വികസനഫണ്ട്	52,972/- (ഉപകരണങ്ങൾ)	PRF4688	BRN..43258 തീ 22-03-2025	5313/- രൂപയുടെ ഉപകരണങ്ങൾ മാത്രം ലഭിച്ചു	47,659/-
ആകെ		1031903				5,52,944/-

വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 5,52,944/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നിന്റെ ലഭ്യതാ വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ -17/19.8.25
തടസ്സപ്പെടുത്തുന്ന തുക -5,52,944/- രൂപ

1-25 തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ദേശീയ തൊഴിലുറപ്പു പദ്ധതി നിർവഹണം സംബന്ധിച്ച സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഗുരുതരമായ അപാകതകൾ പരാമർശിച്ചിട്ടുണ്ട്. മഴക്കുഴി നിർമ്മാണം, മൺകയ്യാല നിർമ്മാണം, മരം വച്ചുപിടിപ്പിക്കൽ പ്രവൃത്തികൾ, തട്ടുതിരിക്കൽ പ്രവൃത്തികൾ തുടങ്ങിയവയിൽ ആണ് പ്രധാനമായും അപാകതകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മിക്ക വാർഡിലും മഴക്കുഴികൾ നിശ്ചിത എണ്ണം ഉണ്ടായിരുന്നില്ലെന്നും, മൺകയ്യാലകൾ നിശ്ചിത നീളത്തിൽ ഉണ്ടായിരുന്നില്ലെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. 2024 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളിൽ ഏതാനും ചിലത് ചുവടെ ചേർക്കുന്നു.

1) വാർഡ് 3

എ))wc/653492 പുത്തൻപുര ഭാഗം മൺകയ്യാല നിർമ്മാണം എന്ന പ്രവൃത്തിയിൽ വിജിത എന്നയാളുടെ സ്ഥലത്ത് എം ബുക്ക് പ്രകാരം 110 മീറ്റർ മൺകയ്യാലയാണ് ചെയ്തതായി പറയുന്നത്. എന്നാൽ പ്രവൃത്തി സ്ഥലത്ത് 26 മീറ്റർ മൺകയ്യാല മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ബി) Wc/648608 ശങ്കരം പള്ളിൽ മഴക്കുഴി നിർമ്മാണം- അംബിക എന്നയാളുടെ സ്ഥലത്ത് 30 മഴക്കുഴികളിൽ 18 എണ്ണവും വിമലമ്മ എന്നയാളുടെ സ്ഥലത്ത് 83 മഴക്കുഴികളിൽ 56 എണ്ണവും മാത്രമാണ് പരിശോധനയിൽ കണ്ടെത്തിയത്.

2) വാർഡ് 8

Wc/649251 എന്ന പ്രവൃത്തിയിൽ രാജേന്ദ്രൻ പിള്ള എന്നയാളുടെ സ്ഥലത്ത് എം ബുക്ക് പ്രകാരം 42 മഴക്കുഴിയുണ്ടായിരുന്നുവെങ്കിലും 22 എണ്ണം മാത്രമാണ് പരിശോധനയിൽ കണ്ടത്.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം, ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്, അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിച്ചിട്ടുള്ളതായി മറുപടി നൽകി. സോഷ്യൽ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.02.2025ൽ മറുപടി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അവ തീർപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ദേശീയ തൊഴിലുറപ്പു പദ്ധതി വിഭാഗത്തിൽ കരാർ ജീവനക്കാരായി ഒരു അസിസ്റ്റന്റ് എൻജിനീയറും രണ്ട് ഓവർസിയർമാരും മൂന്ന് അക്കൗണ്ടന്റുമാരുമാണുള്ളത്. പദ്ധതി നിർവഹണം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാർ ഉണ്ടെന്നിരിക്കേ പദ്ധതി നിർവ്വഹണത്തിൽ ഇത്രയും പോരായ്മകൾ ഉണ്ടായത് ഉചിതമല്ല. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ അവതരിക്കപ്പെടുന്നുമില്ല. സോഷ്യൽ ഓഡിറ്റിലെ പരാമർശങ്ങൾ ഗൗരവമായി ഉൾക്കൊണ്ട് അപാകതകൾ

ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി നം.14/19.08.25

1-26 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I)ബിൽത്തുക അനുവദിച്ചതിൽ ഇരട്ടിപ്പ്

ലാബ് രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ, 246/25) എന്ന പ്രോജക്ട് പ്രകാരം ഹെൽത്ത് ലൈൻ സർജിക്കൽസ് & സൊലൂഷൻസ് എന്ന സ്ഥാപനത്തിന് ഹെൽത്ത് ഗ്രാന്റിൽ നിന്നും ബിൽത്തുക നൽകിയതിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നം	ബിൽത്തുക (രൂപ)	ബിൽ നമ്പർ/തീയതി	സ്ഥാപനം	ഇൻവോയ്സ് നമ്പർ/തീയതി	തുക (രൂപ)
1	28844/-	332/16.10.24	ഹെൽത്ത് ലൈൻ സർജിക്കൽസ് & സൊലൂഷൻസ്	B2C-7/09.07.24	9530/-
				B2C-9/16.08.24	11664/-
				B2C-15/07.10.24	7650/-
2	60039/-	609/21.03.25	ഹെൽത്ത് ലൈൻ സർജിക്കൽസ് & സൊലൂഷൻസ്	B2C-39/25.02.25	17765/-
				B2C-18/17.10.24	6150/-
				B2C-30/04.01.25	15620/-
				B2C15/07.10.24	7650/-
				B2C-23/11.11.2024	12854/-

B2C15/07.10.24 എന്ന ഇൻവോയ്സ് പ്രകാരം 7650 രൂപ രണ്ട് ബിൽ പ്രകാരവും ഹെൽത്ത് ലൈൻ സർജിക്കൽസ് & സൊലൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയതിനാൽ 7650/- രൂപ അധികം നൽകിയിട്ടുണ്ട്. ആയതിനാൽ 7650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക തിരികെ ഒടുക്കി വിശദാംശം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

ക്രമ നം.1, 2 എന്നീ ബില്ലുകൾ പ്രകാരം വാങ്ങിയവ Local Purchase Register(HMC) എന്ന രജിസ്റ്ററിലാണ് സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റോക്ക് രേഖപ്പെടുത്തിയതിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയതാണന്ന് രേഖപ്പെടുത്തിയിട്ടില്ല. എച്ച്.എം.സി. ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകളും ഒരേ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനാൽ വാങ്ങലിന്റെ സുതാര്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഇതേ ബില്ലുകൾ ഉപയോഗിച്ച് എച്ച്.എം.സി. ഫണ്ടിൽ നിന്നും തുക പിൻവലിച്ചിട്ടില്ല എന്നത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

II)കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(247/25)- ചെലവിനാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, (286/25, സ്പിൽ ഓവർ) എന്ന പ്രോജക്ട് പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും 205310/- രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നം. 648/25.03.25). പ്രോജക്ട് പ്രകാരം ആശുപത്രിയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 20/2/24-ൽ കമ്മിറ്റേഷൻ ക്ഷണിച്ചിരുന്നു. ലൈഫ് ലൈൻ ഫാർമ എന്ന സ്ഥാപനത്തിന്റെ കമ്മിറ്റേഷൻ(LLP/199/2023/23.02.24) അംഗീകരിച്ചിട്ടുമുണ്ട്. 38700/- രൂപ ലൈഫ്ലൈൻ ഫാർമയ്ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് രേഖകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കമ്മിറ്റേഷൻ സമർപ്പിച്ച കത്തിന്റെ അതേ നമ്പർ LLP/199/2023/23.02.24) രേഖപ്പെടുത്തിയാണ് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിരിക്കുന്നത്. ഈ രേഖപ്പെടുത്തൽ മെഡിക്കൽ ഓഫീസറോ സ്റ്റോക്കിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ആയതിനാൽ 205310/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ തുക തിരികെ ഒടുക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകൗയറി നമ്പർ 22/20.8.25
തടസ്സപ്പെടുത്തുന്ന തുക -212960/-രൂപ

1-27 എസ് എസ് കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2024-25 സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ എസ് എസ് കെ വിഹിതം അടവാക്കൽ പദ്ധതികളുടെ വിനിയോഗ വിവരം ഹാജരാക്കിയില്ല.

ക്രമ നമ്പർ	പദ്ധതിയുടെ പേര്,നമ്പർ,അടങ്കൽ, ഫണ്ട്	തുക	ബിൽ നമ്പർ , തീയതി	തുക ഒടുക്കിയതിന്റെ വിവരം
1.	എസ് എസ് കെ വിഹിതം നൽകൽ ജനറൽ (SO146/25), വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 300000/- രൂപ	300000/- രൂപ	2 /11 .7 .24 TRN24040500000002955/11.7.24	ജില്ലാ പ്രോജക്ട് കോർഡിനേറ്റർ , എസ് എസ് കെ , കൊല്ലത്തിന്റെ A/C NO. 110006612359 UTR NO. RBI1932488758459
2.	എസ് എസ് എ വിഹിതം അടവാക്കൽ(31/25), വികസന	300000/- രൂപ	3/11 .7 .24 TRN24040500000002954/11.7.24	എസ് കെ , കൊല്ലത്തിന്റെ A/C NO. 110006612359

	ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 300000/- രൂപ			UTR NO. RBI1932488758454
	ആകെ	600000/-രൂപ		

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്കുള്ള മറുപടിയിൽ, വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 600000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ –05/13.08.2025
തടസ്സപ്പെടുത്തുന്ന തുക –600000/-രൂപ

1-28 പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് ഫർണിച്ചർ - ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല

പദ്ധതി -പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് ഫർണിച്ചർ
പദ്ധതി നമ്പർ -SO147/25

അടങ്കൽ - വികസന ഫണ്ട് (എസ് സി പി) – 819000/-രൂപ
ചെലവ് – 818292/- രൂപ

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ എന്ന പദ്ധതിയിൽ ബിൽ നമ്പർ -4/ 24 -12.9 .24 പ്രകാരം 818292/- രൂപ പിൻവലിച്ച് മാനേജർ, സിഡ്കോ വർക്ക്ഷോപ്പ്, മാവേലിക്കരയ്ക്ക് നല്കി 167 മേശയും കസേരയും വാങ്ങിയിട്ടുണ്ട്. പ്രോജക്ടിൽ നിർവഹണം അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ വഴി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേശ ഒന്നിന് 3488/- രൂപയും കസേര 664.50 രൂപയും ജിഎസ്ടിയും ഉൾപ്പെടെ ആകെ 4900/- രൂപ കാട്ട് ചെയ്തിരിക്കുന്നത്. സിഡ്കോ മാവേലിക്കരയുടെ താഴെപ്പറയുന്ന ഇൻവോയിസുകൾ പ്രകാരമാണ് 167 മേശയും കസേരയും വാങ്ങി നൽകിയിട്ടുള്ളത്.

ക്രമ നമ്പർ	ഇൻവോയിസ് നമ്പർ	തുക രൂപ)
1	WWK/23-24/182/24.3.24	97999/-
2	WWK/23-24/183/24.3.24	97999/-
3	WWK/23-24/184/24.3.24	97999/-
4	WWK/23-24/185/24.3.24	97999/-
5	WWK/23-24/186/24.3.24	97999/-
6	WWK/23-24/188/24.3.24	97999/-
7.	WWK/23-24/189/24.3.24	97999/-
8	WWK/23-24/189/24.3.24	97999/-
9	WWK/23-24/191/25.3.24	34300/-
	ആകെ	818292/-

പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 28.2.24 തീയതിയിലെ 1 (11) നമ്പർ തീരുമാനപ്രകാരം യൂണിറ്റിന് 4900/- രൂപയ്ക്കുള്ള സിഡ്കോ, മാവേലിക്കരയുടെ ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ക്ഷണിച്ചതായി രേഖകളില്ല. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നുള്ള 4900/- രൂപയുടെ ഓഫർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ എസ് സി 1-1/ 2024/5.3.24 പ്രകാരം 167 യൂണിറ്റുകൾ സപ്ലൈ ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. സിഡ്കോ നിർമ്മിച്ച ഉപകരണമാണ് ടെണ്ടർ കൂടാതെ വാങ്ങിയതെന്ന് ഉറപ്പാക്കിയിരുന്നുവോയെന്ന വിവരവും 4900/- രൂപ നിരക്കിൽ ഫർണിച്ചർ നല്കാമെന്ന സിഡ്കോയുടെ ടെണ്ടർ/പ്രഫോർമ ഇൻവോയിസ്, ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളുടെ പേര് ഗ്രാമസഭ അംഗീകരിച്ചതായുള്ള ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, സിഡ്കോ നിർമ്മിച്ച ഫർണിച്ചർ ആണ് വാങ്ങിയിട്ടുള്ളത് എന്നും ആയത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സിഡ്കോ യൂണിറ്റിന് കത്ത് നൽകിയിട്ടുണ്ടെന്നും, പഞ്ചായത്ത് പരിധിയിലെ സ്കൂൾ ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയ പട്ടിക പ്രകാരമാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും പ്രസ്തുത പട്ടിക അംഗീകരിക്കുന്നതിനായി പഞ്ചായത്തിന് നൽകിയിട്ടുണ്ടെന്നും അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സാ.ഉ.(കൈ)നമ്പർ 115/ 2022 തസ്വഭവ തീയതി 28 .5.2022 ഖണ്ഡിക 7. 2.6 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റ് പ്രകാരം ആനുകൂല്യം നല്കാമെന്നും, ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണമെന്നും നിർദ്ദേശമുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 05/13.08.2025

1-29 ഇ- ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ ഫോറം വിലയിനത്തിൽ 2017 ഏപ്രിൽ മുതൽ 2019 ഒക്ടോബർ വരെ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വന്ന 68367/- രൂപ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല.

2017 ഏപ്രിൽ മുതൽ 2019 ഒക്ടോബർ വരെ ഇ-ടെണ്ടർ വില 68367/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എൻജിനീയറുടെ ഇ-ടെണ്ടറിനുള്ള അക്കൗണ്ടിലാണ് ക്രഡിറ്റായത്. പട്ടാഴി ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട പ്രസ്തുത തുക ലഭ്യമാക്കി തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക്, അസിസ്റ്റന്റ് എൻജിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ട് – എസ്ബിഐ അക്കൗണ്ട് നമ്പർ -41446514583 -ലേക്ക് തുക ക്രഡിറ്റാക്കണമെന്നാവശ്യപ്പെട്ട് 2.12.2024 ൽ എക്സിക്യൂട്ടീവ് എൻജിനീയർക്ക് അസിസ്റ്റന്റ് എൻജിനീയർ കത്ത് നല്കിയിട്ടുണ്ടെന്നും, തുക ലഭ്യമാക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. ഇ-ടെണ്ടർ വില 68367/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 06/16.08.2025

1-30 ടാർ ബാരൽ വില തനത് ഫണ്ടിൽ ഒടുക്കി

ധനകാര്യ വകുപ്പിന്റെ 03.10.2024 ലെ Insp Tech/1/512/2024 Fin. നമ്പർ നോട്ട് പ്രകാരം ടാർ വാങ്ങുന്നതിന് തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവായത് ആ ഫണ്ടിലേക്ക് കാലി ബാരലിന്റെ വില അടവാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ കാലി ബാരലിന്റെ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് അടവാക്കിയിട്ടുള്ളത്.
2024-2025 സാമ്പത്തിക വർഷം നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രോജക്ടുകളിൽ കാലി ബാരലിന്റെ വില തനത് ഫണ്ടിൽ ഒടുക്കിയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	ഫണ്ട്	ചെലവ് തുക/ബിൽ നമ്പർ	കാലി ബാരൽഎണ്ണം/ വില+ ജിഎസ്ടി രൂപ)	കാലി ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്കിയത് + ജിഎസ്ടി രൂപ)
1.	കടുവാക്കുഴി ശരണം മുകൾ മംഗലത്ത് റോഡ് പുനരുദ്ധാരണം വാർഡ് -8 S098/25	MGR	64/20.1.25-377969/-	16/4494/-	4494/-
2.	ഏറത്ത് വടക്ക് എൻഎസ് എസ് കരയോഗം മീനമണ്ണിൽ കടവ് റോഡ് പുനരുദ്ധാരണം	MGR	80/11.3.25-588662/-	7/1966/-	1966/-
3.	മേപ്പലം കുന്ന് കോളനി റോഡ് പുനരുദ്ധാരണം	MGR	68/10.2.25-44577/-	16/4493/-	4493/
4.	ഇഎസ്ഐ ഇഞ്ചക്കുഴി റോഡ് മെയിന്റനൻസ് വാർഡ് -10 എസ്085/25	MGR	55/8.1.25-333643/-	13/3651/-	3651/-
5.	പനങ്ങാട് കൊല്ലംപറമ്പിൽ റോഡ് പുനരുദ്ധാരണം വാർഡ് 13, എസ്094/25	MGR	54/8.1.25 – 249074/- 63/20.1.25-421468/-	15/4213/-	4213/-
6.	നേതാജി റോഡ് ഇടിയറ റോഡ് പുനരുദ്ധാരണം എസ്0238/25	MGR	66/30.1.25 -415048/-	18/5056/-	5056/-
7.	കൊന്നക്കാട്ട് കടവ് റോഡ് മെയിന്റനൻസ്	MGR	60/16.1.25-179794/-	7/1966/-	1966/-
8.	പന്തപ്ലാവ് കൊന്നറക്കൽ കിഴക്കേവിള റോഡ് വാർഡ് – 4 240/25	MGR	50/30.12.24 -256295, 83/12.03.25-446540/-	15/4213/-	4213/-

പഞ്ചായത്ത് ഫണ്ടിൽ നിന്നും ഈ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവായത് ആ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണെന്നും അപ്രകാരം അടവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി, തനത് ഫണ്ടിൽ ഒടുക്കിയ തുക ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കുന്നതിന് സെക്രട്ടറിക്ക് ലിസ്റ്റ് കൈമാറുമെന്ന് അറിയിച്ചിട്ടുണ്ട്. കാലി ബാരലിന്റെ വില തനത് ഫണ്ടിൽ ഒടുക്കിയത് ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 21/20.8.25

1-31 ഇന്റർ ലോക്ക് റോഡ്-ടെണ്ടർ നിബന്ധനയിൽ ഡിഫക്ട് ലയബിലിറ്റി കാലയളവ് കുറവായി രേഖപ്പെടുത്തി

ചീഫ് എൻജിനീയറുടെ 04.07.22ലെ DB3/5215/2013/E/LSGD സർക്കുലർ പ്രകാരം ഇന്റർ ലോക്ക് റോഡുൾക്ക് Defect Liability Period അഞ്ച് വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ മുസ്ലീം പള്ളി കൊന്നമൺ കടവ് റോഡ് മെയിന്റനൻസ് പദ്ധതിയുടെ (S0220/24, അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് റോഡ് - 344000/-രൂപ, കരാറുകാരൻ-അഖിൽ യു., കരാർ തുക 313282/- രൂപ) 05.02.24 ലെ

ലെറ്റർ ഓഫ് അക്സപ്റ്റൻസിലെ വ്യവസ്ഥ പത്തിൽ Defect Liability Period മൂന്ന് വർഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് വിശദീകരണമാരാഞ്ഞ് നല്കിയ ഓഡിറ്റ് എൻകൃയറിക്ക്, പ്രൈസ് സോഫ്റ്റ് വെയറിൽ 3 വർഷമാണ് രേഖപ്പെടുത്തിയിരുന്നതെന്നും, സെക്യൂരിറ്റി കാലാവധി അഞ്ച് വർഷമാക്കുന്നതിന് കരാറുകാരന് നോട്ടീസ് നല്കി കാലാവധി നീട്ടുന്നതാണെന്നും കരാർ കാലാവധി ഭാവിയിൽ അഞ്ചുവർഷമുണ്ടെന്ന് ഉറപ്പാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഇന്റർ ലോക്ക് റോഡുൾക്ക് Defect Liability Period അഞ്ച് വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ 18/20.8.25

1-32 മരാമത്ത് പ്രവൃത്തികൾ- കരാറുകാർ ഇൻഷ്വറൻസ് എടുത്തില്ല-ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് ഫൈൻ ഈടാക്കി

ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നത് ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് ഒടുക്കി.

ജി.ഒ.(പി.)നം.3/2017/പി.ഡബ്യൂ.ഡി./09.08.2017-ലെ നിബന്ധനകളിൽ പന്ത്രണ്ടായി കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ്- ലെ ആറാം നിബന്ധനയിൽ കരാറുകാരൻ, കരാർ തുകയുടെ 0.5% ശതമാനം, ഏറ്റവും കുറഞ്ഞത് 2,00,000/- ലക്ഷം രൂപയുടെ ഇൻഷ്വറൻസ് എടുക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക ഫൈൻ ആയി ബില്ലിൽ നിന്നും കിഴിച്ച് മാത്രമേ തുക അനുവദിയ്ക്കുകയുള്ളൂവെന്ന് പറയുന്നുണ്ട്. താഴെപ്പറയുന്ന പദ്ധതികളിൽ കരാറുകാർ ഇൻഷ്വറൻസ് പോളിസികൾ എടുത്തതായി രേഖകൾ ഹാജരാക്കാത്തതിനാൽ ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻകൃയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി, തുക ഈടാക്കി രസീത് ഹാജരാക്കി (രസീത് ഡിമാന്റ് നമ്പർ – D-G020405-25001196/20.08.25).

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്, നമ്പർ	തുക (രൂപ)
1	അംഗനവാടി നമ്പർ 177 നവീകരണവും GWLPS തെക്കേതേരി പുനരുദ്ധാരണവും വാർഡ് -12 എസ്0217/25	932/-
2.	പന്തപ്ളാവ് -കൊന്നറയ്ക്കൽ - കിഴക്കേവിള റോഡ് പുനരുദ്ധാരണം വാർഡ് -4, എസ്0240/25	1361/-
3.	നെച്ചേരി എലാ റോഡ് പുനരുദ്ധാരണം വാർഡ് -5 എസ്0096/25	439/-
4.	പനങ്ങാട് കൊല്ലം പറമ്പിൽ റോഡ് പുനരുദ്ധാരണം വാർഡ് -13 എസ്0094/25	1174/-
5.	പഞ്ചായത്ത് ഓഫീസ്- മലങ്കാവ് റോഡ് പുനരുദ്ധാരണം വാർഡ് -9 എസ്0094/25	405/-
6.	സ്വാമി നഗർ കീഴേ വീട്ടിൽ കുളം റോഡ് പുനരുദ്ധാരണം വാർഡ് -3 62/24, എസ് ഒ157/25	1161/-
7.	വലിയ വിള പാലമുറ്റം സ്വാമി നഗർ റോഡ് പുനരുദ്ധാരണം വാർഡ് -3, 72/25,	2807/-
	അകെ	8279/-

ഓഡിറ്റ് എൻകൃയറി നമ്പർ 16/19.08.25

1-33 പൊതു ടോയിലറ്റ് നിർമ്മാണം-ജലലഭ്യത ഉറപ്പാക്കാതെ നിർമ്മിച്ച പൊതു ടോയിലറ്റ് നിഷ്ക്രിയ ആസ്തിയായി

പൊതു ടോയിലറ്റ് നിർമ്മിച്ച് പ്ലംബിംഗ് വർക്കുകൾ പൂർത്തിയാക്കി വാട്ടർ ടാങ്ക് സ്ഥാപിച്ചുവെങ്കിലും ജലലഭ്യത ഉറപ്പാക്കുന്നതിനായി കിണർ കുഴിക്കുകയോ വാട്ടർ കണക്ഷൻ എടുക്കുകയോ ചെയ്യാത്തതിനാൽ ഉപയോഗയോഗ്യമല്ല.







അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ട് ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റ് 5,70,000/- രൂപ വകയിരുത്തി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പൊതു ടോയിലറ്റ് നിർമ്മാണം 2024–25 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു .

പദ്ധതിയുടെ പേര് - പൊതു ടോയിലറ്റ് നിർമ്മാണം

പ്രോജക്ട് നമ്പർ – 213/ 23, 194 /25

സാങ്കേതിക അനുമതി നമ്പർ - 75620 / 2022 -23

ഭരണാനുമതി നമ്പർ – 1(7)22.7.22

എസ്റ്റിമേറ്റ് തുക – 474507/- രൂപ

വൈദ്യുതീകരണത്തിനായി നീക്കിവെച്ച തുക -10000/-രൂപ

കരാറുകാരൻ – ശ്രീ. അഖിൽ. യു

അംഗീകരിച്ച കരാർ തുക – 454207/-രൂപ

എഗ്രിമെന്റ് നമ്പർ -79/AE/LSGD/PTZHY/2022-23/31.3.23

സപ്ലിമെന്ററി എഗ്രിമെന്റ് നമ്പർ - 79,/AE/LSGD/PTZHY/2022-23/ 19.12.24

CC ഫസ്റ്റ് &പാർട്ട് ബിൽ -230509/-രൂപ

ബിൽ നമ്പർ -11/10.7.24

സെക്കൻഡ് & ഫൈനൽ ബിൽ -282655/-രൂപ

ബിൽ നമ്പർ 92/24.3.25

പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് 20.8.25 ൽ നടത്തിയ സ്ഥല പരിശോധനയിൽ ടോയിലറ്റ് കോംപ്ലക്സിൽ വാട്ടർ കണക്ഷൻ ഇല്ലാത്തതിനാൽ ഉപയോഗിക്കാതെ കിടക്കുന്നതായി കണ്ടു. 2022-23 ൽ ആവിഷ്ക്കരിച്ച പദ്ധതി 2024-25 ൽ പൂർത്തിയാക്കിയെങ്കിലും ജല ലഭ്യത ഉറപ്പാക്കാത്തതിനാൽ നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുന്നു. അടിയന്തിരമായി വാട്ടർ കണക്ഷൻ നല്കി ടോയിലറ്റ് കോംപ്ലക്സ് ഉപയോഗപ്രദമാക്കേണ്ടതാണ്.

1-34 തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് - കാര്യക്ഷമമായ പ്രവർത്തനത്തിന് മാതൃക

പട്ടാഴി ഗവൺമെന്റ് വിഎച്ച്എസ്എസിൽ നിർമ്മിച്ച തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്ന കമ്പോസ്റ്റ് യൂണിറ്റിന് ഉദാഹരണമാണ്.



അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥയായി എസ് 0119/24, 178/25 പദ്ധതികളിലായി നടപ്പാക്കിയതാണ് തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കൽ. വികസന ഫണ്ട് ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് 1,00,000/-രൂപ, കേന്ദ്ര വിഹിതം 300000/- രൂപ എന്നിവ ഉൾപ്പെടെ ആകെ നാല് ലക്ഷം രൂപ വകയിരുത്തി ഐആർടിസി മുഖേനയാണ് മേൽ പദ്ധതി പട്ടാഴി ഗവൺമെന്റ് വിഎച്ച്എസ്എസിൽ നടപ്പിലാക്കിയത്. തുമ്പൂർമൂഴി മോഡൽ സ്ഥാപിക്കുന്നതിന് ജിഎസ് ടി ഉൾപ്പെടെ 335866 /- രൂപയാണ് നിർമ്മാണ ചെലവ്.

20.8.25 ൽ നടത്തിയ സ്ഥല പരിശോധനയിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടു. എന്നാൽ ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ ഒരു യൂണിറ്റിലെ വയർ മെഷ് എലികൾ കയറി നശിപ്പിച്ചതിനാൽ അറ്റകുറ്റപ്പണി ആവശ്യമാണ്. ഐആർടിസിയെ കൊണ്ട് അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ കാര്യക്ഷമമായി യൂണിറ്റ് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 ജൽജീവൻ മിഷൻ അവലോകനം

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് 2021-22 മുതൽ തുക ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് മറുപടിയായി, ഫണ്ടിന്റെ ലഭ്യത കുറവ് കാരണം ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ലെന്നും എം.എൽ.എ ഫണ്ടിൽ നിന്നും തുക ലഭിച്ചിട്ടില്ലെന്നും ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി കുഴിയെടുത്തത് മൂലം തകരാറു സംഭവിച്ച റോഡുകളുടെ പുനർനിർമ്മാണത്തിന് റിസ്റ്റോറേഷൻ ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തുക ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻകയറി നമ്പർ 02/11.8.2025

1-36 ഹെൽത്ത് ഗ്രാന്റ്- അവലോകനം

സ.ഉ (സാധാ) നം. 2132/2022/LSGD തീയതി 31.08.2022 ഉത്തരവ് പ്രകാരം 2021-22 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകിയിരുന്നു. സ.ഉ (സാധാ) നം. 1625/2023/LSGD തീയതി 09.08.2023 ഉത്തരവ് പ്രകാരം 2022-23 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05-07-2022 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടിക്രമങ്ങൾ പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണയസൌകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത്

ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ബാലൻസ്
		2022-23	2023-24	2024-25		2022-23	2023-24	2024-25		
1	Support For Diagnostic Infrastructure	297625	769945	323588	1391158	36000	700207	111616	847823	543335
2	Grant For Rural Health & Wellness Centres	0	330508	523614	854122	0	166610	214667	381277	472845
	ആകെ	297625	1100453	847202	2245280	36000	866817	326283	1229100	1016180

ഗ്രാമപഞ്ചായത്തിൽ 5 സബ് സെന്ററുകളാണുള്ളത്. ഇവയിൽ രണ്ട് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 3 സബ്സെന്ററുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിൽ രണ്ട് സബ്സെന്ററുകളുടെ കെട്ടിട നിർമ്മാണം ആരോഗ്യ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നു.

തദ്ദേശ സ്വയംഭരണ (എഫ് എം) 3/138/2023, തീയതി 23.05.2023 സർക്കുലർ പ്രകാരം സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം തദ്ദേശ സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ട് (ജനറൽ), തനതുഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥലം വാങ്ങാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങിയിട്ടില്ല. "Health Grant-Construction Of Sub Centers" എന്ന ഹെഡിൽ ഫണ്ട് ലഭിച്ചിട്ടില്ല. സബ് സെന്റർ കെട്ടിടനിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പദ്ധതികൾ ഒന്നും ഏറ്റെടുത്ത് നിർമ്മാണങ്ങൾ നടത്തിയിട്ടില്ല.

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ചെലവഴിച്ച തുക			ആകെ
		2022-23	2023-24	2024-25	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.		300258		300258
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.				
3	ഉപകരണങ്ങൾ, കിറ്റുകൾ, റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	36000	399949	111616	547565
4	ഉപകരണങ്ങളുടെ മെയിന്റനൻസ്				
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം				
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ.				
	ആകെ	36000	700207	111616	847823

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ചെലവഴിച്ച തുക			ആകെ
		2022-23	2023-24	2024-25	
1	പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ			2912	2912
2	ഇന്റർനെറ്റ് ചാർജ്	0	0	0	
3	ബോധവൽക്കരണ ക്ലാസ്സുകൾ	0	0	0	
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	0	0	6445	6445
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക,	0	166610	205310	371920
	ആകെ		166610	214667	381277

ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടന്നതായി വിലയിരുത്തുന്നു. സബ്സെന്ററിന് വസ്തു കണ്ടെത്തി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതമാകും.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 തൊഴിൽ നികുതി - പുതുക്കിയ നിരക്കിൽ ഈടാക്കിയില്ല

2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ വരുമാന സ്ലാബിന്റെ നിർണയത്തിൽ ഉണ്ടായ പിഴവ് മൂലവും, രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി പരിഷ്കരണത്തിന്റെ ഫലമായി നിലവിൽ വന്ന പുതിയ സ്ലാബുകൾക്കനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാലും വരവിൽ കുറവുണ്ടായിരിക്കുന്നു. ഓഡിറ്റിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒന്നാം അർദ്ധവർഷം

ക്രമ	ഉദ്യോഗസ്ഥരുടെ വിവരങ്ങൾ	അർദ്ധവാർഷിക ശമ്പളം (രൂപ)	ബാധകമായ സ്ലാബ്	ഒടുക്കേണ്ടുന്ന നികുതി (രൂപ)	ഒടുക്കിയ നികുതി	വ്യത്യാസം (രൂപ)

നമ്പർ			(രൂപ.)		(രൂപ.)	
1	ശ്രീമതി ഇന്ദുലേഖ. സി.എസ് (കൊച്ചുവീട്ടിൽ ഫിനാൻസ്)	69000/-	60000- 74999	600/-	300/-	300/-
2.	ശ്രീമതി ഡെയ്സി ഡാനിയേൽ (തിരുകൊച്ചി ഫിനാൻസ്)	102000/-	100000- 124999	1000/-	750/-	250/-
				1600/-	1050/-	550/-

2. രണ്ടാം അർദ്ധവർഷം

27.06 .2024 ലെ സ.ഉ.(സാധാ) നം.1149/2024/LSGD പ്രകാരം തൊഴിൽ നികുതി നിർണയത്തിന് ആധാരം ആക്കേണ്ടുന്ന വരുമാന സ്ലാബുകളിലും നിരക്കുകളിലും ഭേദഗതി വരുത്തിയിട്ടുള്ളതും ആയതു 01.10.2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. 2024-25 സാമ്പത്തിക വർഷം, രണ്ടാം അർദ്ധവർഷത്തേക്കുള്ള തൊഴിൽ നികുതി ഈടാക്കിയതിലുള്ള അപാകതകളുടെ വിശദശാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	ഉദ്യോഗസ്ഥരുടെ വിവരങ്ങൾ	അർദ്ധവാർഷിക ശമ്പളം (Rs.)	ബാധകമായ സ്ലാബ് (Rs.)	ഒടുക്കേണ്ടുന്ന നികുതി (Rs.)	ഒടുക്കിയ നികുതി (Rs.)	വ്യത്യാസം (Rs.)
1	യമുന . എ (മിനി മുത്തൂറ്റ് നിധി)	54000	45000- 99999	750	450	300
2	ഷിനു. ജോയ് (മിനി മുത്തൂറ്റ് നിധി)	54000	45000- 99999	750	450	300
				1500	900	600

നികുതി നിർണയത്തിലെ അപാകത മൂലം മൂന്ന് സ്ഥാപനങ്ങളിൽ നിന്നായി പിരിച്ച തൊഴിൽ നികുതിയിൽ Rs. 1150/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 24/20.8.25

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
15	85500	85500	0	

(1-4-24 മുതൽ 31-3-25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/23മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24മുതൽ 31/3/25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ചമാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	ജനുവരി	1000/-	1000/-	0	ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പ്രീമിയം തുക

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	15-08-25,16.08.25	കെ.എസ്.എ.കെ.എൽ.എം.പി9/1861/25 തീയതി 26.09.2025

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	74486/-	സൗരവേലി നിർമ്മാണം (പ്രോജക്ട് നം. 63/25)	74486/-	0
		100000/-	പാലിയേറ്റീവ് കെയർ (പ്രോജക്ട് നം. 17/25)	100000/-	0
		148089/-	അനുപൂരക പോഷകാഹാര പദ്ധതി (പ്രോജക്ട് നം. 28/25))	148089/-	0
		200000/-	ഭിന്ന ശേഷികുട്ടികൾക്ക് സ്ക്കോളർഷിപ്പ് (പ്രോജക്ട് നം. 30/25)	200000/-	o
		100000/-	ലൈഫ് ജനറൽ(പ്രോജക്ട് നം. 188/25)	100000/-	o
		113320/-	അതിദരിദ്രർക്ക് ഭൂമി വാങ്ങൽ(പ്രോജക്ട് നം. 232/25)	113320/-	o
		394644/-	പാലിന് സബ്സിഡി(പ്രോജക്ട് നം. 21/25)	394644/-	o
ജില്ലാ പഞ്ചായത്ത്	2024 -25	70000/-	ഭിന്ന ശേഷികുട്ടികൾക്ക് സ്ക്കോളർഷിപ്പ് (പ്രോജക്ട് നം. 30/25)	70000/-	0
		260000/-	ലൈഫ് (SCP)-(പ്രോജക്ട് നം. 14/25)	260000/-	0
		181362/-	പാലിന് സബ്സിഡി (പ്രോജക്ട് നം. 21/25)	181362/-	0

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക(രൂപ)	ചെലവഴിച്ച തുക(രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ)

കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് 6/25	(36240-13/03/25 42006-9445/15.01.25 11282-11927/21.03.25)	89528/-	-	89528
കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ് 284/25		95488/-	95488/--	-
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	67398/13.01.25) 1412-47046/29.01.25	99303/-	-	99303/-
കെ.എസ്.ഇ.ബി	അംഗനവാടി വൈദ്യുതീകരണം 248/25	67409/13.01.25	24753/-		24753/

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 160000/- രൂപ വരവുണ്ട്. ടി തുക വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	തൻ വർഷം ലഭിച്ച വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് മിഷൻ	GO (MS)No68/LSGD 18.05.18	160000-	11073864/-	1386993-	-	9846871-

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2	2016-17	അദ്ധ്യായം -2 അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 21-23, 21-ാമത് റിപ്പോർട്ട് ഖണ്ഡിക 37- ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	1,150/-	-	ശ്രീമതി ഐ.അനിതാകുമാരി, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	1,00,000/-	ശ്രീ. അരുൺ അലക്സാണ്ടർ, സെക്രട്ടറി
1-17	385584/-	ശ്രീമതി ഐ.അനിതാകുമാരി, സെക്രട്ടറി
1-20	1,00,000/-	ഡോ. രജനി ഗോപാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-24	552944/-	ഡോ. റാണി ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പിഎച്ച് സി
1-26	1. 7650/- 2.205310/-	ഡോ.റാണി ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പിഎച്ച് സി

1-27	6,00,000/-	ശ്രീ. അഹമ്മദ് കബീർ.എച്ച്, ഹെഡ് മാസ്റ്റർ ,ജിഎൽപിഎസ്, പട്ടാഴി
ആകെ	19,51,488/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. അരുൺ അലക്സാണ്ടർ സെക്രട്ടറി	സെക്രട്ടറി, കരവാളൂർ ഗ്രാമ പഞ്ചായത്ത്	നീലാംവിളയിൽ, കിഴക്കേത്തെരുവ്, കൊട്ടാരക്കര
ശ്രീമതി ഐ.അനിതാകുമാരി സെക്രട്ടറി	സെക്രട്ടറി, പട്ടാഴി ഗ്രാമ പഞ്ചായത്ത്	കൃഷ്ണപ്രിയ, ഇഞ്ചക്കാട് പിഒ, കൊട്ടാരക്കര
ഡോ. രജനി ഗോപാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഹോമിയോ,പട്ടാഴി	തുഷാരം, ഇടയ്ക്കിടം പിഒ, എഴുകോൺ
ഡോ. റാണി ചന്ദ്രൻ, മെഡിക്കൽ ഓഫീസർ പിഎച്ച് സി	മെഡിക്കൽ ഓഫീസർ പിഎച്ച് സി, പട്ടാഴി	കണിയാമ്പള്ളിൽ, ഐത്തോട്ടുവാ, വെസ്റ്റ് കല്ലട
ശ്രീ. അഹമ്മദ് കബീർ.എച്ച്, ഹെഡ് മാസ്റ്റർ ,ജിഎൽപിഎസ് പട്ടാഴി	ഹെഡ് മാസ്റ്റർ, ജിഎൽപിഎസ് പട്ടാഴി	മദീന, താഴത്ത് വടക്ക്, പട്ടാഴി

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.02.18	1
1998-99	കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.02.18	2
1999-2000	കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.02.18	4
2001-02	കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.02.18	4
2002-03	കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.02.18	2
2003-04	കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.02.18	മറുപടി ലഭ്യമാക്കിയിട്ടില്ല.
2004-05	കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.02.18	6
2005-06	കെ.എസ്.എ.കെ.എൽ.എം-പി.9/398/18/23.02.18	10
2006-07	കെ.എസ്.എ.കെ.എൽ.എം-പി.9/750(1)/19/31.05.2019	18
2007-08	കെ.എസ്.എ.കെ.എൽ.എം-പി.9/750(2)/19/31.05.2019	15
2008-09	കെ.എസ്.എ.കെ.എൽ.എം-പി.9/750(3)/19/31.05.2019	8
2009-10 & 2010-11	കെ.എസ്.എ.കെ.എൽ.എംപി.9/750(4)/19/31.05.2019	13
2011-12	കെ.എസ്.എ.കെ.എൽ.എം.പി-9/അദാലത്ത്-2011-2012 /1562/22(1) /19.08.22	6
2012-13 & 2013-14	എൽ.എഫ്.ക്യു-പി-9/അദാലത്ത്/2012-2013 &2013-14/1562/22(2) / 19.08.22	9
2014-15	കെ.എസ്.എ-കെ.എൽ.എം-പി-9/അദാലത്ത്/14-15/1562/22(3) / 19.08.22	3
2015-16	കെ.എസ്.എ-കെ.എൽ.എം-പി-9/അദാലത്ത്/15-16/1562/22(4) / 19.08.22	5
2016-17	കെ.എസ്.എ-കെ.എൽ.എം-പി9/1730/2017 / 30.10.2017	10
2017-18	കെ.എസ്.എ-കെ.എൽ.എം-പി9/1857/2018 / 06.03.2019	9
2018-19	കെ.എസ്.എ-കെ.എൽ.എം-പി9/1522/2019 / 12.02.2020	11
2019-20	കെ.എസ്.എ-കെ.എൽ.എം-പി9/1051/2021 / 30.11.2021	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ-കെ.എൽ.എം-പി9/1672/2021 / 27.04.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ-കെ.എൽ.എം-പി9/2274/22/ 01/04/2023	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ-കെ.എൽ.എം-പി9/1827/2023/ 16/11/2023	എല്ലാ ഖണ്ഡികകളും
2023-24	കെ.എസ്.എ-കെ.എൽ.എം-പി9/2089/2024/ 21/11/24	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 03-06-2025 and submitted on 11-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pattazhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pattazhi Grama Panchayat as on 31-03-2025

Date: 26/09/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pattazhi Grama Panchayat for the Year 2024-2025.

1.Major Observations

Asset register is not comprehensive. Land assets are not included.

2.Other Observations

1. Cash Flow statement - Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2. Key ratios and notes on accounts are not included in Annual Financial statement.

3. MGNREGS receipts and payments accounted is not accurate. Difference amounting to crores of rupees found in the MGNREGS receipt and payment accounts.
4. Liabilities have not been properly accounted. Eg. Regularisation fee &empty barrel cost to be remitted to government account is accounted as own fund instead of posting it as liability.
5. Timely recording of demand entries of various Tax /non-Tax income like property tax, profession tax and license has not been carried out. Acrual based demand entries has been accounted once in the year end.
6. Journal entries have not been properly authenticated. Authorised vouchers and documents have not been kept.
7. Assets are not properly accounted. The value of grama panchayat property assets has not been accounted.
8. CFC grant expenditure and balance amounts do not agree with actuals. CFC grant balance amounts in B4 and B17 do not agree with each other.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.